*01-07-2026*

*Ruling - Non-referral of Finance Bill to the Subject Committee*

റൂളിങ്

മി. സ്പീക്കർ: സഭയുടെ യഥാർഥ കലണ്ടറിലോ കാര്യോപദേശക സമിതി അംഗീകരിച്ച സമയക്രമത്തിലോ ധനകാര്യ ബിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്നതിനോ സമയം അനുവദിച്ചിരുന്നില്ലെന്നും തികച്ചും രാഷ്ട്രീയവും നിക്ഷിപ്തവുമായ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ സഭാ നടപടികൾ പെട്ടെന്ന് പുനഃക്രമീകരിച്ചാണ് ധനകാര്യ ബിൽ ഇപ്പോൾ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സഭാ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായ ഈ നടപടി നിർത്തിവയ്ക്കണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്.

ഒന്നാം സമ്മേളനത്തിന്റെ കലണ്ടറിൽ ധനകാര്യ ബിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നത് വാസ്തവമാണ്. 2026 ജൂൺ 23-ന് ചേർന്ന കാര്യോപദേശക സമിതി യോഗം, 2026 ജൂലൈ 1-ന് കേരള ധനകാര്യ (3-ാം നമ്പർ) ബില്ലിന്റെ അവതരണത്തിനും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തിനും അനന്തരഘട്ടങ്ങൾക്കുമായി രണ്ട് മണിക്കൂർ വിനിയോഗിക്കണമെന്നും ഇക്കാര്യത്തിനായി നിയമസഭാ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1) താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്നും ശിപാർശ ചെയ്തിരുന്നു. ഈ ശിപാർശ ഉൾക്കൊള്ളുന്ന സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ജൂൺ 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും സഭ പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാര്യോപദേശക സമിതി അംഗീകരിച്ച സമയക്രമത്തിൽ ഈ ബിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്ന അംഗത്തിന്റെ ക്രമപ്രശ്നം വസ്തുതാപരമല്ല. ആയതിനാൽ ക്രമപ്രശ്നം തള്ളുന്നു.